

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS



MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

നോമ്പുകാലം മൂന്നാം ഞായർ

2022 മാർച്ച് 13



# ലോകത്തെ ജയിച്ചവനു പിന്നാലെ

നിയമാവർത്തനം 15:7-15, തോബിത്ത് 12:6-15, 2 കൊറിന്ത്യർ 8:9-15, മത്തായി 6:1-8, 16-18

‘നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ്ഞാൻ ഇതു നിങ്ങളോടു പറഞ്ഞത് ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.’ യോഹന്നാൻ 16 : 33

അത്താഴമേശക്കരികിൽ ഇരുന്ന്, അടുത്ത സൂര്യാസ്തമയത്തിനു മുൻപ് ദാരുണമായ പീഡാസഹനവും, മരണവും ഏറ്റുവാങ്ങേണ്ടി വരുമെന്നും, തന്റെ അടുത്ത ഉറക്കം കല്ലറയിൽ ആണെന്നും ഉറപ്പുള്ള ഒരു ചെറുപ്പക്കാരൻ തന്റെ സ്നേഹിതരോട് പൂർണമായ ആത്മവിശ്വാസത്തോടെ പറയുകയാണ്: ‘ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.’

കീഴടക്കാനും വെട്ടിപ്പിടിക്കാനും വാളും തീയും കൊണ്ടിറങ്ങിപ്പുറപ്പെട്ടവർ ഏറെയാണ്. എത്ര മനുഷ്യരുടെ ജീവിതം ദുരിതപൂർണമാക്കി, എത്ര ഭൂമി നിയന്ത്രണത്തിലാക്കി, എത്ര സമ്പത്തും വിഭവങ്ങളും സ്വന്തമാക്കി, എത്ര പേർ തന്നെ ഭയപ്പെടുന്നു എന്നിവയൊക്കെയാണ് ആധിപത്യത്തിന്റെ അളവുകോലായി അവർ കാണുന്നത്. പക്ഷേ അവർ മറന്നു പോകുന്ന ഒന്നുണ്ട്. ലോകത്തെ കീഴടക്കാൻ അതിലേക്ക് ആമഗ്നരായവരെ അവസാനം ലോകം തന്നെ കീഴടക്കും. അതിനോടുള്ള ആശയും ആസക്തിയും അവരെ മരണം വരെയും അതിനപ്പുറവും തടവിലാക്കും. ഡിക്കൻസിന്റെ ‘ ക്രിസ്മസ് കാരളിലെ ‘ മാർലിയുടെ പ്രേതത്തെപ്പോലെ സ്വർണനാണയങ്ങൾ നിറഞ്ഞ പെട്ടിയോട് ചങ്ങലക്കിടപ്പെട്ട നിർഭാഗ്യ ജൻമങ്ങൾ !

യഥാർത്ഥത്തിൽ ലോകത്തെ കീഴടക്കിയവന്റെ വാങ്മയചിത്രം വെളിപാടിന്റെ പുസ്തകം ഇങ്ങനെയാണ് വരച്ചിടുക :

‘അപ്പോൾ, സിംഹാസനത്തിന്റെയും നാലു ജീവികളുടെയും മധ്യേ, ശ്രേഷ്ഠൻമാരുടെ നടുവിൽ, കൊല്ലപ്പെട്ടതായി തോന്നുന്ന ഒരു കുഞ്ഞാടു നിൽക്കുന്നതു ഞാൻ കണ്ടു... അവർ ഒരു നവ്യഗാനം ആലപിച്ചു: പുസ്കതകച്ചുരുൾ സ്വീകരിക്കാനും അതിന്റെ മുദ്രകൾ തുറക്കാനും നീ യോഗ്യനാണ് കാരണം, നീ വധിക്കപ്പെടുകയും നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലും നിന്നുള്ളവരെ ദൈവത്തിനുവേണ്ടി വിലയ്ക്കുവാങ്ങുകയും ചെയ്തു....ഉച്ചസ്വരത്തിൽ ഇവർ ഉദ്‌ഘോഷിച്ചു: കൊല്ലപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യനാണ്

സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും സമുദ്രത്തിലും ഉള്ള എല്ലാ സൃഷ്ടികളും



ആൽഫസ് പത്രോസ്

ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു; സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വവും ആധിപത്യവും.'

വെളിപാട് 5 : 6-13

ദൈവകുഞ്ഞാടായ മിശിഹാ ലോകത്തിനുമേൽ ആധിപത്യം സ്ഥാപിച്ചത് അക്ഷരാർത്ഥത്തിൽ - കുരിശിൽ - ലോകത്തിനുമേൽ ഉയർന്നുനിന്ന് തന്നെ തന്നെ നൽകിക്കൊണ്ടാണ്. അവനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്കും മറ്റൊരു മാർഗവുമില്ല: സ്വയം പരിത്യജിക്കുക, കുരിശ് വഹിക്കുക, അവൻ കാട്ടിത്തരുന്ന ഇടുങ്ങിയ വഴിയേ സഞ്ചരിക്കുക. ഈശോയുടെ പെസഹാ - പീഢാനുഭവ രഹസ്യങ്ങളെ ധ്യാനിച്ച്, ഉപവാസവും പ്രാർത്ഥനയും ദാനധർമവും കൊണ്ട് അവനോട് അനുരൂപപ്പെട്ട് ഉയിർപ്പിന്റെ മഹിമയിലേക്കുള്ള യാത്രയാണ് സഭ നോമ്പിലൂടെ നടത്തുന്നത്. ആ യാത്രയിലെ ചുവടുകൾ ഇടറാതെ വയ്ക്കാനുള്ള ഒരോർമപ്പെടുത്തലാണ് ഇന്ന് സുവിശേഷം നമുക്കു മുൻപിൽ വയ്ക്കുക.

## ആഡംബരമാകരുതാത്ത ആദ്ധ്യാത്മികത

മാമ്മോദീസാ തിരുക്കർമങ്ങളിൽ പങ്കെടുക്കുമ്പോൾ , ക്രൈസ്തവ ജീവിതത്തിൽ ആദ്യമായി ഏറ്റുപറയുന്ന പ്രതിജ്ഞ ശ്രദ്ധിച്ചിട്ടുണ്ടോ ? 'നീ പിശാചിനെയും അവന്റെ ആഡംബരങ്ങളെയും ഉപേക്ഷിക്കുന്നുവോ?' 'ഞാൻ ഉപേക്ഷിക്കുന്നു'. ആഡംബരങ്ങൾ കേവലം സുഖ സൗകര്യങ്ങൾ അല്ല. മറിച്ച് മനുഷ്യരുടെ മതിപ്പും പ്രീതിയും അസൂയയും ഒക്കെ നേടാനായി നടത്തുന്ന ബാഹ്യമോടികളുടെ കെട്ടുകാഴ്ചകളാണ്. പണ്ട് ഒണിഡാ ടെലിവിഷൻ സെറ്റിന്റെ പരസ്യത്തിലെ ചെകുത്താൻ പറയുന്നതു പോലെ : Neighbours' Envy, Owner's Pride.! ടി വി യുടെ ഉദ്ദേശ്യം കണ്ടു രസിക്കാനുള്ള ഒരു വിനോദോപകരണം എന്നതിനെക്കാൾ, അയൽക്കാരനെ കാണിക്കാനും , അവനുള്ളിൽ അസൂയ വളർത്താനുമുള്ള ഒരു പൊങ്ങച്ച വസ്തു എന്നതിലേക്ക് പരിണമിപ്പിക്കുന്നതിലാണ് പരസ്യം ഊന്നൽ കൊടുക്കുന്നത്. ദൈവികമല്ലാത്ത ഒരു വിചാരതലമാണ് അത്.

ഏറ്റവും ശ്രേഷ്ഠങ്ങൾ ആയ സുകൃതപാതകൾ പോലും ആഡംബരക്കാഴ്ചകളായി മാറ്റാനുള്ള പ്രലോഭനങ്ങൾക്കെതിരെയാണ് ഈശോയുടെ ഇന്നത്തെ മുന്നറിയിപ്പ്. നമ്മുടെ ഉപവാസവും , പ്രാർത്ഥനയും, ദാനധർമവുമെല്ലാം , ലോകത്തിന്റെ അംഗീകാരവും അഭിനന്ദനവും ലക്ഷ്യമാക്കിയാണോ അതോ ലോകത്തിനു മീതേയാണോ എന്ന ഒരു ആത്മശോധന നടത്തുന്നത് നന്നായിരിക്കും. പ്രകടനപരത ഒരു സാക്ഷ്യമാണ്; അല്ലെങ്കിൽ മാതൃക നൽകാനാണ് എന്നൊക്കെ സ്വയം ന്യായീകരിച്ച് തൃപ്തിയടയുന്നത് ഒഴിവാക്കിയുള്ള ഒരു വീണ്ടുവിചാരമാണ് വേണ്ടത്. അതിനു മാനദണ്ഡമാക്കേണ്ടതും ഈശോയെ തന്നെയാണ്. മരുഭൂമിയുടെ വിജനതയിൽ മാത്രം ഉപവസിച്ച, രാത്രിയിൽ മലമുകളുകളുടെ ഏകാന്തതയിൽ പിതാവിനോട് പ്രാർത്ഥിച്ച , നൽകിയ സൗഖ്യത്തെപ്പറ്റി ആരോടും പറയരുത് എന്ന് വിലക്കിയ മിശിഹാ എന്ന ഉരകല്ലിലാണ് നമ്മുടെ ആദ്ധ്യാത്മിക സാധനകൾ പൊന്നാണോ, പൂച്ചാണോ എന്ന് പരിശോധിക്കേണ്ടത്.

## ആത്മാവിൽ ദരിദ്രരാകാനുള്ള വിളി

തോബിത്തിന്റെ പുസ്തകത്തിൽ നിന്നുമാണ് ഇന്നത്തെ ഒരു വായന. അജ്ഞാത മൃതദേഹങ്ങളെ രഹസ്യമായി സംസ്കരിക്കുക എന്നതായിരുന്നു തോബിത്തിന്റെ കാരിസം . ശുശ്രൂഷ ലഭിക്കുന്നയാളോ, പൊതു സമൂഹമോ അറിയാത്ത , ദൈവം മാത്രം കാണുന്ന ഒരു കർമം. പ്രതികൂലങ്ങളിലും സ്ഥിതപ്രജ്ഞതയോടെ ആ ധർമം നിറവേറ്റുന്നതിലൂടെ അദ്ദേഹം ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടു.

ധർമം എന്ന സംസ്കൃതപദത്തിന് ഉത്തരേന്ത്യൻ ഭാഷകളിൽ മതാനുഷ്ഠാനവുമായി ബന്ധപ്പെട്ട നിഷ്ഠയായാണ് അർത്ഥം കൽപിച്ചു വരുന്നത്. എന്നാൽ മലയാള വാമൊഴിയിൽ അതിന് ദാനമെന്നാണ് വിവക്ഷ. ചില്ലറത്തുട്ടുകൾക്കായി കൈനീട്ടുന്ന ആൾ ഔദാര്യത്തിനായി യാചിക്കുകയല്ല ധർമം ചെയ്യാൻ ഓർമപെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട സഹോദരനെ സഹായിക്കുന്നത് സമഭാവനയുടെ തലത്തിൽ നിന്നുകൊണ്ടാകണം.

മോശയുടെ നിയമത്തിൽ അതിജീവനത്തിനു വക തേടുന്നവന് അന്തസ്സോടെ അതു ചെയ്യുന്നതിനുള്ള ഉപാധികൾ ഉൾചേർത്തിട്ടുണ്ട്. ആരുടെയും ദയക്കോ ഔദാര്യത്തിനോ വേണ്ടി കാത്തുനിൽക്കാതെ, വയലുകളിൽ നിന്നും, മുന്തിരിച്ചെടികളിൽ നിന്നും, ഫലവൃക്ഷങ്ങളിൽ നിന്നും വിശപ്പടക്കാനുള്ളത് എടുത്തുകഴിക്കുക എന്നത് അഗതിയുടെ അവകാശമായാണ് വചനം രേഖപ്പെടുത്തുന്നത്. അതിന് അടിസ്ഥാനകാരണമിതാണ്: 'ഞാനാണ് കർത്താവ്'. തമ്പുരാൻ ആണ് എല്ലാറ്റിനും ഉടയവൻ എന്നും എന്റെ കൈയിൽ മിച്ചമുള്ളത് - കഴിവ്, സമയം, സമ്പാദ്യം - മറ്റുള്ളവരുടെ ശുശ്രൂഷക്കായുള്ള കാര്യസ്ഥതക്കായി എനിക്ക് ഏൽപിക്കപ്പെട്ടതാണെന്നും ഉള്ള അവബോധത്തിൽ നിന്നാണ് യഥാർത്ഥ ധാർമികത ഉരുത്തിരിയേണ്ടത്.

സഹായം കൈപ്പറ്റുന്നവന്റെ അന്തസിനെപ്പറ്റി പൊതു സമൂഹത്തിന് ഇന്ന് വ്യക്തമായ ബോധ്യമുണ്ട്. സാമ്പത്തികപ്രയാസമുള്ള സ്കൂൾകുട്ടികൾക്ക് പൊതുവേദിയിൽ വച്ചുള്ള സഹായവിതരണവും , അനാഥാലയങ്ങളിൽ വച്ച് കുടുംബങ്ങൾ ജൻമദിനാഘോഷങ്ങൾ സംഘടിപ്പിക്കുന്നതുമെല്ലാം സർക്കാർ തലത്തിൽ തന്നെ നിരുത്സാഹപ്പെടുത്തുന്ന ഒരു കാലമാണല്ലോ ഇത്. മതേതരസമൂഹം കൽപിക്കുന്ന മൂല്യങ്ങളെക്കാൾ ഉന്നതമായ ഒരു തലത്തിലാണ് സഭയും വിശ്വാസിയും ഇക്കാര്യങ്ങളെ സമീപിക്കേണ്ടത്.

'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി - തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടിത്തന്നെ.'

2 കോറിന്തോസ് 8 : 9

നമ്മെ പ്രതി ദരിദ്രനായ മിശിഹായെ അനുഗമിക്കുമ്പോൾ സ്വായത്തമാവുന്ന അവന്റെ മനോഭാവമാണ് നമ്മെ കാരുണ്യത്തിന്റെ പ്രവൃത്തികളിൽ ഉത്സുകരാക്കുന്നത്. സഹതാപത്തിനും സഹാനുഭൂതിക്കുമപ്പുറമുള്ള സഹജാവബോധത്തിൽ ; കൊടുക്കുന്നവനും വാങ്ങുന്നവനും അതിനേക്കുറിച്ച് അവബോധമില്ലാത്ത പാരസ്പര്യത്തിൽ, നമ്മുടെ ധർമാനിഷ്ഠ നമ്മെ സ്വർഗരാജ്യത്തിന് അവകാശികളായ ആത്മാവിൽ ദരിദ്രരാക്കി മാറ്റും.

അഹംബോധത്തിന്റെയും അംഗീകാരതൃഷ്ണയുടെയും ആഡംബരത്തൊങ്ങലുകളെ ആത്മീയജീവിതത്തിൽ നിന്നും അടർത്തിമാറ്റാനുള്ള അഭ്യസനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. അതിനായി നമുക്ക് കർത്താവ് പരിശുദ്ധാത്മാവിനാൽ ശക്തി പകരട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com